**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1889 08.12.2014-ൽ മറുപടിയ്ക്ക്

## സർക്കാർ ഓഫീസുകളുടെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾ കുറ്റമറ്റ വിധം എളുപ്പമാക്കുന്നതിനും എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് സർക്കാർ ഓഫീസുകളിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് പറയാമോ; ഇത്തരം സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാനും കേടുപാടുകൾ പരിഹരിക്കുന്നതിനും ഇതിനു വേണ്ട അനുബന്ധ സാമഗ്രികൾ യഥാസമയം ഓഫീസുകളിൽ എത്തിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നു പറയാമോ ; | (എ) | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾ കുറ്റമറ്റ വിധം എളുപ്പമാക്കുന്നതിനുമായി സർക്കാർ ഓഫീസുകളിൽ നിലവിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ്, വെബ് ടെലികാസ്റ്റിങ്ങ്, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങിക്കഴിഞ്ഞു. സെക്രട്ടേറിയറ്റിലടക്കമുള്ള പല സർക്കാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചു. ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. അതുപോലെ സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം നിരീക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനും IDEAS എന്ന സംവിധാനം നടപ്പിലാക്കി. സെക്രട്ടേറിയറ്റ് അടക്കമുള്ള പല ഓഫീസുകളിലും ജീവനക്കാരുടെ കൃത്യനിഷ്ഠത ഉറപ്പുവരുത്തുന്നതിന് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ സർക്കാർ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ ഇ-ഗവേണൻസിന്റെ നടത്തിപ്പിനും പരിപാലനത്തിനും അതാത് വകുപ്പ്/ സ്ഥാപനങ്ങളിൽ ഐ.ടി. ഡിവിഷൻ സൃഷ്ടിച്ചുകൊണ്ട് സർക്കാർ സ.ഉ.(എം.എസ്) നം.28/2008/ ഐ.ടി.ഡി തീയതി 26.07.2008 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പല സർക്കാർ ഓഫീസുകളിലും കമ്പ്യൂട്ടറുകൾ കേടായവയും പ്രിന്റർ, സ്കാനർ എന്നിവ പ്രവർത്തിക്കാത്തവയുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഷ്കരിക്കുന്നതിനും കേടുപാടുകൾ മാറ്റുന്നതിനും ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരി | (ബി) | വ്യാപകമായ രീതിയിൽ കമ്പ്യൂട്ടറുകൾ കേടായതായോ പ്രിന്റർ, സ്കാനർ എന്നിവ പ്രവർത്തിക്കാത്തതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ വകുപ്പുകൾ വിവിധ ഏജൻസികളെയാണ് കേടുപാടുകൾ തീർക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യത്തിൽ റേറ്റ് കോൺട്രാക്റ്റ് മാത്രം അടിസ്ഥാനമാക്കി ചെയ്യണമെന്ന നിർദ്ദേശം നിലവിലില്ല. |

| | | | |
|---|---|---|---|
| | ക്കുന്നത് എന്നു പറയാമോ : റേറ്റ് കോൺട്രാക്റ്റ് ഈ വിഷയത്തിൽ നിലവിലുണ്ടോ : | | |
| (സി) | സർക്കാർ ഓഫീസുകളുടെ സാങ്കേതിക സംവിധാനം പരിഷ്കരിക്കുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടി ഈ സർക്കാർ കാലയളവിൽ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ ? | (സി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ